(5) ഇടുക്കി ജില്ലയിൽ കൃഷിനാശത്തിന് അനുവദിച്ച നഷ്ടപരിഹാര തുക

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കഴിഞ്ഞ സാമ്പത്തിക വർഷം വരൾച്ചമൂലം കൃഷി നശിച്ച ഇടുക്കി ജില്ലയിലെ കൃഷിക്കാർക്ക് സഹായം കൊടുക്കുന്നതിന് തീരുമാനിക്കുകയും സഹായം വാങ്ങുന്നതിന് ആയിരക്കണക്കിന് കൃഷിക്കാർ കൃഷി ഓഫീസുകളിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുണ്ട്. ആയിരക്കണക്കിന് കൃഷിക്കാർക്ക് ഇപ്പോഴും നഷ്ടപരിഹാരം ലഭിക്കാതെ കൃഷി ആഫീസുകൾവഴി കയറിയിറങ്ങിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല കഴിഞ്ഞ ഡി.ഡി.സി. മീറ്റിംഗ് കൂടിയപ്പോൾ ഞാനും നമ്മുടെ ബഹുമാനപ്പെട്ട പി. ടി. തോമസ് എം.എൽ.എ.യും പങ്കെടുത്തിരുന്നു. നഷ്ടപരിഹാരവിതരണത്തിൽ വളരെ ഗൗരവമായ ആക്ഷേപങ്ങളാണ് അവിടെ ഉയർന്നുവന്നത്. മുൻഗണനാക്രമത്തിൽ സഹായം വിതരണം ചെയ്യാൻ നിരവധി കൃഷി ഓഫീസർമാർ തയ്യാറായിട്ടില്ല. അതിന്റെ ഫലമായി അർഹതയുള്ളവരെ മാറ്റിനിർത്തുന്ന സ്ഥിതിയും ഉണ്ടായിട്ടുണ്ട്. അപ്പോൾ സമയബന്ധിതമായി അത് കൊടുത്തുതീർക്കുന്നില്ലായെങ്കിൽ അടുത്തകൃഷിനാശത്തിന് സമയമായിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയാണെങ്കിൽ ഒരു നിശ്ചിത സമയം തീരുമാനിച്ച് ആ സമയത്തിനുള്ളിൽ കൊടുത്തുത്തീർക്കുന്നതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് ഗവൺമെന്റിനോട് പറയാനുള്ളത്.

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): 2004 വർഷത്തിൽ ഉണ്ടായ വരൾച്ചമൂലം ഇടുക്കി ജില്ലയിൽ 2137 ഹെക്ടർ സ്ഥലത്ത് അൻപത് ശതമാനത്തിൽ കൂടുതലും പതിമൂന്നായിരത്തി അഞ്ഞൂറ്റിയെൺപത്തിമൂന്ന് ഹെക്ടർ സ്ഥലത്ത് അൻപത് ശതമാനത്തിൽ താഴെയും കൃഷി നശിച്ചതായിട്ടാണ് റിപ്പോർട്ട്. ടോട്ടൽ ആപ്ലിക്കേഷൻ കിട്ടിയത് തൊണ്ണൂറ്റിയേഴായിരത്തി അഞ്ഞൂറ് ആണ്. ഇതുവരെ ഒൻപതുകോടി പതിനൊന്നു ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ആപ്ലിക്കേഷൻ ഇന്നുവരെ കൈകാര്യം ചെയ്തത് എഴുപത്തിയഞ്ചായിരത്തി നാന്നൂറ്റിയെൺപത്തിയൊന്ന്. ഇനി കൊടുക്കാനുള്ളത് ഇരുപത്തിരണ്ടായിരം അപേക്ഷകർക്കാണ്. തുകയുണ്ടായിരുന്നത് മുഴുവൻ കൊടുത്തുത്തീർത്തു. ബാക്കി കൊടുക്കാനുള്ള തുകയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്. പണം കിട്ടുന്ന മുറയ്ക്ക് ബാക്കിയുള്ളത് കൊടുത്തുത്തീർക്കുന്നതാണ്. കൃഷി ഓഫീസർമാർ പ്രയോറിറ്റി നോക്കാതെയാണ് ഇതൊക്കെ ചെയ്യുന്നതെന്ന മെമ്പർ പറഞ്ഞ പരാതിയെക്കുറിച്ച് അന്വേഷിക്കാം.

(6) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനദണ്ഡം ലംഘിച്ചുകൊണ്ട് നടത്തിയ ടെൻഡർ

ശ്രീ. എം. എ. ചന്ദ്രശേഖരൻ: കേരള സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2005 ഫെബ്രുവരി മാസം 26-ാം തീയതി കോർപ്പറേഷൻ മൽസ്യപുരിയിലെ ആഫീസിൽ വച്ച് എഡിബിൾ ഓയിലുകളായ പാമോയിൽ, വെളിച്ചെണ്ണ, വനസ്പതി എന്നിവ പൗച്ചുകളാക്കി കോർപ്പറേഷനിൽത്തന്നെ തിരിച്ചേൽപ്പിക്കുന്നതിന് ഒരു ടെൻഡർ ഉറപ്പിക്കുകയുണ്ടായി. എന്നാൽ വടക്കൻ മേഖലയിലും തെക്കൻ മേഖലയിലും വെവ്വേറെ ടെൻഡറുകളാണ് ഒപ്പിട്ടിട്ടുള്ളത്. രണ്ടു മേഖലയ്ക്കും മുൻകൂട്ടി റേറ്റുകൾ

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പിച്ച് ടെൻഡർ കൊടുക്കുകയാണുണ്ടായത്. റേറ്റോ, റേറ്റിന്റെ ഫോർമേഷന്റെ വിശദാംശങ്ങളോ പരിശോധിക്കാതെയും പരിഗണിക്കാതെയുമാണ് ടെൻഡർ ഉറപ്പിച്ചിരിക്കുന്നത്. വടക്കും തെക്കുമുള്ള മേഖലകൾ തമ്മിൽ ഒരു ബോക്സ് പാമോയിലിന് മാത്രം 20 രൂപയാണ് വ്യത്യാസം. ശരാശരി ഒരു ദിവസം ആയിരം ബോക്സ് എന്ന കണക്കിൽ ഒരു ദിവസം ഇരുപതിനായിരം രൂപയും, ഒരു മാസം ആറു ലക്ഷം രൂപയും ടെൻഡർ കാലാവധിയായ മൂന്നു കൊല്ലത്തേക്ക് ഒരു കോടി എൺപത് ലക്ഷം രൂപയും. ഇതാണ് അഴിമതിയുടെ ഏകദേശ കണക്ക്. മാത്രമല്ല വടക്കു മേഖലയിൽ ഒരോയൊരു ടെൻഡർ മാത്രമുണ്ടാകുന്ന കൃത്രിമമായ സാഹചര്യം ഉണ്ടാക്കുകയും 11 മണിക്ക് ടെൻഡർ സ്വീകരിച്ച് 12 മണിക്ക് ടെൻഡർ ഉറപ്പിക്കുകയുമാണ് ചെയ്തത്. ഇവിടെ നടത്തുന്ന അഴിമതികളെക്കുറിച്ച് അന്വേഷിക്കുകയും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ തെറ്റായ പ്രവണതകൾ വെളിച്ചത്ത് കൊണ്ടുവരികയും ചെയ്യണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): ബഹുമാനപ്പെട്ട അംഗം സിവിൽ സപ്ലൈസ് കോർപ്പറേഷൻ നന്നാക്കുന്നതിൽ എടുക്കുന്ന താൽപ്പര്യത്തെ ഞാൻ അഭിനന്ദിക്കുകയാണ്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങൾ വാങ്ങുന്നതിന് ടെൻഡർ ക്ഷണിക്കുന്നതുപോലെ പുതിയതായി ശബരി ബ്രാൻഡിലുള്ള ഭക്ഷ്യ എണ്ണയും വനസ്പതിയും വിപണിയിൽ ഇറക്കുന്നതിനുവേണ്ടി ടെൻഡർ ക്ഷണിച്ചു. അത് 14-2-2005-ൽ കേരളത്തിലേയും തമിഴ്നാട്ടിലേയും പ്രമുഖപത്രങ്ങളിലും കോർപ്പറേഷന്റെ വെബ്സൈറ്റിലും ടെൻഡറിനെപ്പറ്റി പരസ്യം കൊടുത്തിരുന്നു. ടെൻഡർ ക്ഷണിക്കുമ്പോൾ ചില നിബന്ധനകൾ വയ്ക്കാറുണ്ട്. ആ നിബന്ധനയുടെ അടിസ്ഥാനത്തിൽ ടെക്നിക്കൽ ബിഡും അതുപോലെ പ്രൈസ് ബിഡും ഉണ്ടാക്കും. ടെൻഡർ സ്വീകരിച്ച് പരിശോധന നടത്തുമ്പോൾ ടെക്നിക്കൽ ബിഡിൽ യോഗ്യതയുണ്ടെങ്കിൽ മാത്രമേ അയാളുടെ പ്രൈസ് ബിഡ് പരിശോധന നടത്താറുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ 26-2-2005-ൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് പത്ത് ടെൻഡറുകൾ ലഭിച്ചിരുന്നു.

1. സെന്റ് ജോസഫ് മിൽ, അങ്കമാലി. 2. ഐശ്വര്യ ഓയിൽ മിൽ, മൂവാറ്റുപുഴ. 3. ബാലചന്ദ്രൻ ഓയിൽ ഇൻഡസ്ട്രീസ്, ശ്രീകാര്യം, തിരുവനന്തപുരം, 4. എസ്.എൻ. ട്രേഡിംഗ് കമ്പനി, തൃശ്ശൂർ, 5. പാരിസൺ ആഗ്രോ ടെക്നിക്കൽ പ്രൈവറ്റ് ലിമിറ്റഡ്, കാലിക്കട്ട്. 6. ഈറോസ് ഓയിൽ മിൽസ്, വൈക്കം. 7. മേനോൻ ഓയിൽ മിൽസ്, തൃശ്ശൂർ. 8. കല്ലേലിൽ ട്രേയ്ഡിംഗ്, കരുനാഗപ്പള്ളി. 9. ഗ്രീഷ്മ ഫ്ളവർ ആന്റ് ഓയിൽ മിൽസ്, പനങ്ങാട്. 10. രാജമ്മ ദാമോധർ കോക്കനട്ട് പ്രോഡക്ട്സ്, കുത്താട്ടുകുളം.

ഇതിൽ ആദ്യത്തെ നാല് ആളുകളുടെ ടെൻഡർ നിബന്ധനപ്രകാരമുള്ള സാമ്പിൾ നൽകാത്തതിനാൽ ടെക്നിക്കൽ ബിഡ്ഡിൽതന്നെ തള്ളപ്പെട്ടു. ബാക്കി അംഗീകരിച്ച ആറ് ടെൻഡറിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് കാട്ടി ചെയ്തിട്ടുള്ള കമ്പനിക്ക് അംഗീകാരവും കൊടുത്തിട്ടുണ്ട്. ഇങ്ങനെ നടപടിക്രമങ്ങൾ കൃത്യമായി സ്വീകരിക്കുന്നു എന്നുള്ളതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് എത്തിച്ചുകൊടുക്കാൻ കഴിയുന്നു. ബഹുമാനപ്പെട്ട അംഗം കാര്യങ്ങൾ കൃത്യമായി മനസിലാക്കാത്തതുകൊണ്ടായിരിക്കാം സഭയിൽ ഇങ്ങനെ അവതരിപ്പിച്ചത് എന്നാണ് ഞാൻ കരുതുന്നത്. എന്താണ് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പിന്നിലുള്ളതെന്ന് എനിക്ക് മനസിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് എല്ലാ നിബന്ധനകളും ഉൾക്കൊണ്ടുകൊണ്ട് നടത്തിയിട്ടുള്ള ഒരു ടെൻഡർ എന്നുള്ള നിലയിൽ ഇത് കാൻസൽ ചെയ്യുകയോ പ്രത്യേകമായി അന്വേഷണം വയ്ക്കുകയോ ചെയ്യേണ്ടതില്ല എന്ന് ഞാൻ സഭയെ അറിയിക്കുന്നു.

(7) വർക്കല ഗവൺമെന്റാശുപത്രി താലൂക്ക് ലെവൽ ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം

ശ്രീ. വർക്കല കഹാർ : സർ, വർക്കല നിയോജകമണ്ഡലത്തിൽ കണ്ണമ്പക്ഷേത്രത്തിൽ 5 ആളുകൾ ദാരുണമായ അപകടത്തിൽപ്പെട്ട് മരിച്ച സംഭവം വർത്തമാന പത്രങ്ങളിൽ വരികയും നാട്ടുകാരെ ആകെ സങ്കടത്തിലാക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, മറ്റ് മന്ത്രിമാരൊക്കെ സംഭവസ്ഥലം സന്ദർശിച്ചിരുന്നു. അവർക്ക് മതിയായ ചികിൽസ ലഭ്യമാക്കാൻ കഴിഞ്ഞില്ല എന്ന് അവരുടെ ബന്ധുമിത്രാദികൾക്കും നാട്ടുകാർക്കും പരാതിയുണ്ടായി. വേണ്ടത്ര ചികിത്സാസൗകര്യമുള്ള സഹകരണമേഖലയിലോ അതല്ലെങ്കിൽ സർക്കാർ മേഖലയിലോ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയില്ലാത്ത സ്ഥിതിവിശേഷമുണ്ട്.. ഇതുപോലുള്ള സംഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. പാപനാശത്ത് വിനോദസഞ്ചാരികൾ തന്നെ അപകടത്തിൽപ്പെടുമ്പോൾ അവർക്ക് മതിയായ ചികിൽസാ സൗകര്യം നൽകാതെ മരണപ്പെട്ട പതിനഞ്ചോളം സംഭവങ്ങൾ ആ പ്രദേശത്ത് മുമ്പ് ഉണ്ടായിട്ടുണ്ട്. ഏകദേശം നൂറ് വർഷത്തോളം പഴക്കമുള്ള വർക്കല ഗവണ്മെന്റ് ആശുപത്രിയിൽ കാഷ്വാലിറ്റി സൗകര്യങ്ങൾ ഉണ്ടാകണമെന്നുള്ളതാണ് നാട്ടുകാരുടെ ചിരകാലാഭിലാഷം. ഇതിനെ ഒരു താലൂക്ക് ലവൽ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയുള്ള ഒരു സർക്കാർ ഉത്തരവും നടപടികളും ഒക്കെ നേരത്തെ ഉണ്ടായിട്ടുള്ളതാണ്. റീഡിപ്ലോയ്മെന്റിലൂടെ അത് പരിഹരിക്കണം എന്ന ആവശ്യം ഉണ്ടായിരുന്നു. പക്ഷേ ആ കാര്യം ചില സാങ്കേതികമായ തടസ്സങ്ങൾ കാരണം നടപ്പിലാക്കാൻ പറ്റിയിട്ടില്ല. നാട്ടുകാരുടേയും, കയർത്തൊഴിലാളികളും മൽസ്യത്തൊഴിലാളികളും ഉൾപ്പെടെയുള്ള ആളുകളുടെ ഏറ്റവും വലിയ അത്താണിയായ ഈ ആശുപത്രിയെ, താലൂക്ക് ലവൽ ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടിയിട്ടുള്ള നടപടി ഉണ്ടാകണം. ഇത് ജനങ്ങളുടെ ചിരകാല അഭിലാഷമാണ്. ആ കാര്യത്തിൽ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ) : സർ, വർക്കല കണ്ണമ്പക്ഷേത്രത്തിൽ ഉൽസവത്തോടനുബന്ധിച്ച് ഉണ്ടായ അപകടം നടന്ന ദിവസം മരിച്ച അഞ്ച് ആളുകളുടെ മൃതശരീരം രാത്രിയോടെ വർക്കല ഗവൺമെന്റ് ആശുപത്രിയിൽ കൊണ്ടുവരികയും മോർച്ചറിയിൽ സൂക്ഷിച്ച് പിറ്റേദിവസം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് കൈമാറുകയുമുണ്ടായി. കൂടാതെ രണ്ടാളുകൾ സംഭവവുമായി ബന്ധപ്പെട്ട് ചികിൽസ തേടി ഈ സ്ഥാപനത്തിൽ എത്തുകയും ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന ഡോക്ടറുടെ സേവനം ലഭ്യമാക്കി അവർക്ക് ചികിൽസ നൽകുകയും ചെയ്തിരുന്നു. വർക്കല ഗവൺമെന്റ് ആശുപത്രിയിൽ 64 കിടക്കകളും 47 ജീവനക്കാരുമാണുള്ളത്. എക്സ്റേ, ലാബ്, മോർച്ചറി തുടങ്ങിയ സൗകര്യങ്ങൾ ആശുപത്രിയിൽ ലഭ്യമാണ്. എന്നാൽ അത്യാഹിത വിഭാഗവും ആംബുലൻസ് സൗകര്യങ്ങളും നിലവിലില്ല. വർക്കല ആശുപത്രിയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 16 ജീവനക്കാരെ വിവിധ സ്ഥാപനങ്ങളിൽ നിന്ന് പുനർവിന്യസിപ്പിക്കാൻ 22-1-2003-ൽ ഉത്തരവിടുകയും അതിൽ രണ്ട് തസ്തികകളുടെ പുനർവിന്യാസം

LIBRARY ARCHIVES Kerala Legislative Assembly